## സ്ത്രീയും നിയമവും



# ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005

JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

## ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005

സ്ത്രീകൾ ഏറ്റവും കൂടുതൽ അതിക്രമങ്ങൾക്കിരയാകുന്നത് നാമെല്ലാം സുരക്ഷിതമെന്ന് കരുതുന്ന സ്വന്തം വീടുകളിൽ തന്നെയാണെന്ന വസ്തുത തികച്ചും വിരോധാഭാസമാണ്. അതിക്രമങ്ങൾ ഇല്ലാത്ത അന്തരീക്ഷത്തിൽ ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശത്തെ അംഗീകരിക്കുന്നതിനും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ കാര്യക്ഷമമായി സംരക്ഷിക്കുന്നതിനുമായി 2006 ഒക്ടോബർ 26ന് നിലവിൽ വന്ന ഈ നിയമത്തെ ഈ കാലഘട്ടത്തിലെ ഏറ്റവും വിപ്ലവകരമായ നിയമമായിട്ടാണ് നിയമജ്ഞർ വിലയിരുത്തുന്നത്. അതിക്രമങ്ങൾ ഇല്ലാത്ത കുടുംബാന്തരീക്ഷത്തിൽ ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശം ഉറപ്പുവരുത്തുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ നിയമപ്രകാരം സംരക്ഷണം ലഭിക്കുക. പരാതിക്കാരിയും എതിർകക്ഷിയും തമ്മിൽ 'ഗാർഹിക ബന്ധം' ഉള്ളവരോ ഉണ്ടായിരുന്നവരോ ആയിരിക്കണം എന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. നിയമ പ്രകാരം വിവാഹം കഴിക്കാതെ ഒന്നിച്ച് ജീവിക്കുന്നവർക്കും ഈ നിയമം ബാധകമാണ്.

## വിവിധതരം ഗാർഹിക അതിക്രമങ്ങൾ

അതിക്രമങ്ങളെ പ്രധാനമായും ശാരീരിക അതിക്രമങ്ങൾ, വാക്കാലോ വൈകാരികമായോ ചെയ്യുന്ന അതിക്രമങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, സാമ്പത്തിക അതിക്രമങ്ങൾ എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു.

**ശാരീരിക അതിക്രമം** - സ്ത്രീയുടെ ശരീരത്തിന് അപകടമോ വേദനയോ ഉണ്ടാക്കുന്നതായ എല്ലാത്തരം ശാരീരിക ഉപദ്രവങ്ങളും ഇതിൽ ഉൾപ്പെടുന്നു.

**വാക്കാലോ വൈകാരികമായോ ചെയ്യുന്ന അതിക്രമങ്ങൾ –** വാക്കാലുള്ള അവഹേളനവും, പരിഹസിക്കലും, കുറ്റപ്പെടുത്തലും, അപകീർത്തിപ്പെടുത്തലും, മാനസിക പീഢനങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു. മക്കൾ ഉണ്ടാകാത്തതിനോ ആൺകുട്ടികൾ ഉണ്ടാകാത്തതിനോ സ്ത്രീയെ കുറ്റപ്പെടുത്തി സംസാരിക്കുന്നതും ഈ നിയമ പ്രകാരം വൈകാരിക പീഢനമാണ്.

**ലൈംഗിക അതിക്രമങ്ങൾ** - സ്ത്രീകളുടെയും കുട്ടികളുടെയും മാന്യതക്കും അന്തസ്സിനും നിരക്കാത്ത രീതിയിലുള്ള

ലൈംഗിക പ്രവൃത്തികൾ, ഇത്തരം കാര്യങ്ങൾക്കായി നിർബന്ധിക്കൽ മുതലായവയെല്ലാം ഇതിൽപ്പെടുന്നു. വിവാഹ ബന്ധത്തിനുള്ളിൽ നടക്കുന്ന ബലാൽസംഗങ്ങൾ - അതായത്, ഭാര്യയുടെ സമ്മതമില്ലാതെ അവരുമായി ബലമായുള്ള ലൈംഗിക ബന്ധം, അശ്ലീല ചിത്രങ്ങൾ കാണാൻ നിർബന്ധിക്കൽ, ബാല ലൈംഗിക പീഢനങ്ങൾ മുതലായവ ലൈംഗിക അതിക്രമങ്ങളാണ്.

**സാമ്പത്തിക അതിക്രമം** - ഭാര്യക്കും കുട്ടികൾക്കും ചെലവിനുകൊടുക്കാതിരിക്കുകയും അവരെ സംരക്ഷിക്കാതിരിക്കുകയും ചെയ്യുക, ഉപേക്ഷിച്ചുപോവുക, ഭാര്യയുടെ സ്വത്ത് തന്നിഷ്ടപ്രകാരം കൈകാര്യം ചെയ്യുക, വിവാഹസമയത്ത് ഭാര്യക്ക് സ്വന്തം വീട്ടിൽ നിന്നും ലഭിച്ച സ്വർണ്ണം, പണം മുതലായവ തന്നിഷ്ടപ്രകാരം ദുരുപയോഗം ചെയ്യുക, ഭാര്യയുടെ ശമ്പളം കൈക്കലാക്കുക, ഭാര്യയെ ജോലി ചെയ്യാൻ അനുവദിക്കാതിരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## ഈ നിയമപ്രകാരം ഹരജി നൽകൽ

ഗാർഹിക പീഢനം നടക്കുന്നുവെന്നോ, നടക്കാൻ ഇടയുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ള ഏതൊരു സ്ത്രീക്കും ഈ നിയമപ്രകാരം പരാതി നൽകാൻ കഴിയും. കൂടാതെ പരാതിക്കാരിയുടെ നിർദ്ദേശപ്രകാരം വനിതാ സംരക്ഷണ ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും പരാതിക്കാരിക്കുവേണ്ടി കേസു ഫയൽ ചെയ്യാൻ അധികാരമുണ്ട്. മജിസ്ട്രേറ്റ് കോടതിയിലാണ് ഇത്തരം കേസുകൾ ഫയൽ ചെയ്യേണ്ടത്.

ഒരു സ്ത്രീക്ക് ഈ നിയമപ്രകാരം സ്വന്തം ഭർത്താവിനെതിരെയോ ജനിച്ച കുടുംബത്തിലെയോ ഭർത്താവിന്റെ കുടുംബത്തിലെയോ പ്രായപൂർത്തിയായ സ്ത്രീകൾ ഉൾപ്പെടെയുള്ള ഏത് ബന്ധുക്കൾക്കെതിരെയും പരാതിപ്പെടാവുന്നതാണ്.

## ഈ നിയമപ്രകാരം ലഭിക്കാവുന്ന സംരക്ഷണ ഉത്തരവുകൾ

- ☞ അതിക്രമം നടത്തുന്ന വ്യക്തിയോട് ഉടൻ അത് നിർത്താൻ കൽപ്പിക്കുന്ന സംരക്ഷണ ഉത്തരവുകൾ
- ☞ ചികിത്സാ ചെലവുകളും തൊഴിൽ എടുക്കാൻ പറ്റാതായ കാലത്തേക്കുള്ള നഷ്ടപരിഹാരവും നൽകാനുള്ള ഉത്തരവുകൾ
- ☞ ഭർത്താവിന്റെയോ അയാളുടെ മാതാപിതാക്കളുടെയോ പേരിലുള്ള വീടാണെങ്കിലും ഭാര്യക്ക് ആ വീട്ടിൽ താമസിക്കാനുള്ള താമസ സൗകര്യ ഉത്തരവുകൾ

- വീട് ആരുടെ പേരിലാണെങ്കിലും അതിക്രമം നടത്തുന്ന വ്യക്തി പുരുഷൻ ആണെങ്കിൽ ആ വീട്ടിൽ നിന്നും അവരോട് മാറി നിൽക്കാൻ കൽപ്പിക്കുന്ന ഉത്തരവുകൾ
- പരാതിക്കാരിക്കും കുട്ടികൾക്കുമുള്ള ദൈനംദിന ചെലവുകൾക്കായുള്ള സാമ്പത്തിക ഉത്തരവുകൾ
- ശാരീരിക, മാനസിക പീഢനങ്ങൾക്കായുള്ള നഷ്ട പരിഹാര ഉത്തരവുകൾ
- സ്വത്തുക്കൾ കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതിർകക്ഷികളെ തടഞ്ഞുകൊണ്ടും, അപഹരിച്ച സ്വത്തുക്കൾ തിരിച്ചുകൊടുക്കുവാൻ കൽപ്പിച്ചുകൊണ്ടുമുള്ള ഉത്തരവുകൾ
- കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച താൽക്കാലിക ഉത്തരവുകൾ

മേൽപ്പറഞ്ഞ വകുപ്പുകളിലെല്ലാം അതിക്രമം നടത്തുന്ന വ്യക്തിക്കെതിരെ ആവശ്യമായ ഉത്തരവുകൾ പരാതിക്കാരിക്ക് കോടതിയിൽ നിന്നും ലഭിക്കാവുന്നതാണ്.

## അതിക്രമം ഉണ്ടായാൽ എടുക്കേണ്ട നടപടികൾ

ഗാർഹിക പീഢനങ്ങൾ അനുഭവിക്കുന്ന സ്ത്രീക്കും കുട്ടികൾക്കും വളരെ ലളിതമായ രീതിയിലും തികച്ചും സൗജന്യമായും നിയമസംരക്ഷണവും മറ്റ് സംരക്ഷണങ്ങളും ഈ നിയമം ഉറപ്പുവരുത്തുന്നുണ്ട്.

ഇതിനായി ഓരോ ജില്ലയിലും ജില്ലാ സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ ഒരു വനിതാ സംരക്ഷണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതിക്കാരിക്ക് തികച്ചും സൗജന്യമായ നിയമ സുരക്ഷിതത്വവും മറ്റ് സംരക്ഷണങ്ങളും ഈ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്.

ഗാർഹിക പീഢന പരാതികൾക്കായി എല്ലാ ജില്ലകളിലും സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സേവനദാതാക്കൾ വഴിയും പരാതിക്കാരിക്ക് സൗജന്യമായി സേവനങ്ങൾ ലഭിക്കാവുന്നതാണ്. കോടതികളിൽ പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സൗജന്യ നിയമ സഹായവും തേടാവുന്നതാണ്. ഇതിനുപുറമെ, പരാതിക്കാരിക്ക് നേരിട്ടോ സ്വകാര്യ വക്കീൽ വഴിയോ ബന്ധപ്പെട്ട കോടതി മുൻപാകെ ഹരജി ബോധിപ്പിച്ച് നിവൃത്തികൾ നേടാവുന്നതാണ്.

## ഈ നിയമപ്രകാരം പരാതിക്കാരിക്ക് ലഭിക്കാവുന്ന മറ്റ് സേവനങ്ങൾ

സൗജന്യ ചികിത്സക്കുള്ള സർക്കാർ സൗകര്യം ലഭ്യമാക്കാവുന്നതാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ വീട്ടിൽ നിന്നും മാറി താമസിക്കുവാൻ സർക്കാർ അംഗീകരിച്ച സൗജന്യ ഷോർട്ട് സ്റ്റേ ഹോം/ അഭയ മന്ദിരം മുതലായവ ഉപയോഗിക്കാവുന്നതാണ്. ഈ നിയമത്തിൻ കീഴിലുള്ള സേവനദാതാക്കൾ വഴി സൗജന്യ ഫാമിലി കൗൺസിലിംഗ് സൗകര്യം പരാതിക്കാരിക്കും കുടുംബാംഗങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

ഈ നിയമപ്രകാരം പരാതിക്കാരിക്ക് ലഭ്യമായ നിയമ സംരക്ഷണങ്ങൾ ബോധ്യപ്പെടുത്തുക, ആവശ്യമെങ്കിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുക, കോടതിയിൽ നിന്ന് ലഭിക്കുന്ന സംരക്ഷണ ഉത്തരവുകൾ നടപ്പിലാക്കാൻ സഹായിക്കുക എന്നിവ പോലീസിന്റെ ഉത്തരവാദിത്തങ്ങളിൽപ്പെടുന്നവയാണ്.

## കോടതി നടപടികൾ

ഈ നിയമപ്രകാരമുള്ള ഹരജികൾ മജിസ്ട്രേറ്റ് കോടതിയിലാണ് ബോധിപ്പിക്കേണ്ടത്.

- ✠ പരാതിക്കാരി താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന സ്ഥലത്തെ മജിസ്ട്രേറ്റ് കോടതി.
- ✠ എതിർകക്ഷി താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന സ്ഥലത്തെ മജിസ്ട്രേറ്റ് കോടതി.
- ✠ പരാതിക്കടിസ്ഥാനമായ സംഭവം നടന്നത് ഏത് മജിസ്ട്രേറ്റ് കോടതിയുടെ അധികാര പരിധിയിലാണോ, ആ കോടതി.

പരാതി ലഭിച്ചാൽ പരാതിക്കാവശ്യമായ അടിയന്തിര ഇടക്കാല ഉത്തരവുകൾ ഉടനടി ലഭ്യമാക്കേണ്ടതാണ്. കോടതി ഉത്തരവുകളുടെ പകർപ്പുകൾ കക്ഷികൾക്ക് സൗജന്യമായി ലഭിക്കാനുള്ള അവകാശമുണ്ട്. സാഹചര്യങ്ങളിൽ മാറ്റമുണ്ടാകുന്ന പക്ഷം ഇത്തരം ഉത്തരവുകൾ ഭേദഗതി ചെയ്യാനുള്ള അവകാശം കോടതിക്ക് ഉണ്ടായിരിക്കുന്നതാണ്. ഇത്തരം പരാതികൾ 60 ദിവസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിയമം അനുശാസിക്കുന്നു.

## അതിക്രമമില്ലാത്ത ഗാർഹിക അന്തരീക്ഷം ഓരോ സ്ത്രീകളുടെയും അവകാശം

ഗാർഹിക അന്തരീക്ഷത്തിൽ അതിക്രമം കൂടാതെ ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശത്തെ മുൻനിർത്തി നിർമ്മിക്കപ്പെട്ട ഈ നിയമത്തിന്റെ ഉദ്ദേശ്യം പീഢനത്തിന് ഇരകളാക്കപ്പെട്ട സ്ത്രീകളെ സംരക്ഷിക്കുക എന്നതാണ്. പരാതിക്കാരിക്ക്

നേരിട്ടോ മറ്റൊരാൾ വഴിയോ വളരെ ലളിതമായി പരാതിപ്പെടാവുന്ന രീതിയും നീതിലഭിക്കാനുള്ള ലഘുവായ നടപടികളും നിയമസഹായവും ഈ നിയമത്തിന്റെ പ്രത്യേകതയാണ്.

ഈ നിയമപ്രകാരം ഗാർഹിക പീഢനത്തിന് ഇരകളാക്കപ്പെട്ട സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കാൻ സേവന ദാതാക്കൾ, അഭയ മന്ദിരങ്ങൾ, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ സംരക്ഷണ ഉദ്യോഗസ്ഥർ എന്നിവർക്ക് ചുമതലയുണ്ട്. പരാതിക്കാരിക്ക് ആവശ്യമായ കൗൺസിലിംഗ് സൗകര്യം, കേസ് നടത്താനായി നിയമസഹായം എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇത് ഒരു ക്രിമിനൽ നിയമമല്ല. അതുകൊണ്ടുതന്നെ പോലീസിൽ പരാതി ലഭിച്ചാൽ ഉടനെ ബന്ധപ്പെട്ട കോടതിയിൽ പരാതി ബോധിപ്പിക്കാൻ സേവനദാതാവ്, പ്രൊട്ടക്ഷൻ ഓഫീസർ മുതലായവരുടെ സഹായത്തിനായി നടപടികൾ എടുക്കാവുന്നതാണ്. എന്നാൽ പരാതിക്കാരി ആവശ്യപ്പെടുന്ന പക്ഷം കുറ്റം ചെയ്തയാൾക്കെതിരെ ക്രിമിനൽ കേസ് എടുക്കാവുന്നതുമാണ്.
"അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാനും പരാതിപ്പെടാനും തയ്യാറാവുക. അതിക്രമമില്ലാത്ത ഗാർഹിക അന്തരീക്ഷം ഓരോ സ്ത്രീയുടെയും ജന്മാവകാശമാണ്."

വയനാട് ജില്ലയിൽ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമപ്രകാരം സാമൂഹിക നീതി വകുപ്പിന്റെയും ബോർഡിന്റെയും അംഗീകാരമുള്ള സേവനദാതാവായി നീതിവേദി 2008 മുതൽ പ്രവർത്തിച്ചുവരുന്നു. നീതിവേദിയെ സമീപിക്കുന്നവർക്ക് തികച്ചും സൗജന്യമായി നിയമസഹായവും കൗൺസിലിംഗും ലഭ്യമാണ്.


**ബന്ധപ്പെടുക**

# നീതിവേദി

**സുധിക്കവല, കാക്കവയൽ പി.ഒ.**
**കൽപ്പറ്റ, വയനാട് 673 122**
**ഫോൺ: 04936 246 788, 9447640378**

**E-mail : neethivedhi@gmail.com**
**Web: www.neethivedhi.org**